വിമാനത്താവളങ്ങളിലെയും തുറമുഖ വകുപ്പ് അധികൃതരുമായി ആരോഗ്യവകുപ്പ് യോജിച്ച് പ്രവർത്തിക്കുന്നതാണ്. ഇതുവഴി യാത്രക്കാരെയും സാങ്കേതിക ജീവനക്കാരെയും സ്ക്രീനിംഗിന് വിധേയമാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. രോഗബാധിത രാജ്യങ്ങളിൽനിന്നും എത്തുന്ന സംശയമുള്ള വ്യക്തികളെ ആവശ്യമായ പരിശോധനകൾക്കും നിരീക്ഷണത്തിനും വിധേയമാക്കുന്നതിനുള്ള സംവിധാനങ്ങൾ തയ്യാറാക്കിക്കഴിഞ്ഞു. രക്തപരിശോധന ആവശ്യമാകുന്ന സാഹചര്യത്തിൽ രക്തസാമ്പിളുകൾ ഡൽഹിയിലെ എൻ.സി.ഡി.സി.-യിലേക്ക് അയച്ച് പരിശോധിക്കുന്നതാണ്.

(സി) സിക രോഗത്തിന്റെ ലക്ഷണങ്ങൾ താരതമ്യേന തീവ്രത കുറഞ്ഞതായ തിനാൽ മറ്റ് വൈറൽ പനികൾക്കെന്നപോലെ പാരസെറ്റമോളും മറ്റ് അനുബന്ധ മരുന്നുകളും മാത്രമാണ് ആവശ്യമായി വരുന്നത്. ഡെങ്കിപ്പനി പോലെ രോഗം മൂർച്ഛിച്ച് മരണമുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. അതിനാൽ ഇത് ചികിത്സിക്കാനുള്ള സംവിധാനം എല്ലാ ആശുപത്രികളിലും ലഭ്യമാണ്. സിക രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാർക്ക് കിടത്തി ചികിത്സ ആവശ്യമാകുന്ന സാഹചര്യത്തിൽ ഇവരെ ചികിത്സിക്കാൻ മെഡിക്കൽ കോളേജുകളും ജനറൽ ആശുപത്രികളും സജ്ജമാക്കിയിട്ടുണ്ട് (തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, നെടുമ്പാശ്ശേരി വിമാനത്താവളം, ആലുവ ജില്ലാ ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽകോളേജ്). ജനങ്ങൾക്ക് സിക രോഗത്തെപ്പറ്റിയുള്ള ബോധവത്ക്കരണത്തിനായി പത്രക്കുറിപ്പുകൾ, ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റുകളിൽ മാർഗ്ഗരേഖ, റേഡിയോ-ടി.വി.-പത്രപ്പരസ്യങ്ങൾ, ലേഖനങ്ങൾ എന്നിവ തയ്യാറാക്കി വരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിലെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് എല്ലാ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ഊർജ്ജിത ഈഡിസ് കൊതുക് നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സിക വൈറസ് പ്രതിരോധം

17 (2291) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക വൈറസ് പടരുന്നതു തടയാൻ കേരളത്തിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സിക വൈറസ് പരത്തുന്ന ഈഡിസ് കൊതുകിന്റെ അമിതമായ സാന്ദ്രത കണ്ടെത്തി കൊതുക നിർമ്മാർജ്ജനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിലേയും തമിഴ് നാട്ടിലേയും വിമാനത്താവളങ്ങളിൽ പരിശോധന ഊർജ്ജിതപ്പെടുത്തണമെന്ന കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സിക വൈറസ് രോഗം നാളിതുവരെ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എങ്കിലും രോഗം കേരളത്തിലെത്താൻ സാധ്യത വിമാനമാർഗ്ഗവും കപ്പൽ മാർഗ്ഗവുമായതിനാൽ മുൻകരുതലായി സംസ്ഥാനത്തെ മൂന്ന് അന്തർദേശീയ വിമാനത്താവളങ്ങളിലെയും തുറമുഖ വകുപ്പ് അധികൃതരുമായി ആരോഗ്യവകുപ്പ് യോജിച്ച് പ്രവർത്തിക്കുന്നതാണ്. ഇതുവഴി യാത്രക്കാരെയും സാങ്കേതിക ജീവനക്കാരെയും സ്ക്രീനിംഗിന് വിധേയമാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. രോഗബാധിത രാജ്യങ്ങളിൽ നിന്നും എത്തുന്ന സംശയമുള്ള വ്യക്തികളെ ആവശ്യമായ പരിശോധനകൾക്കും നിരീക്ഷണത്തിനും സംവിധാനങ്ങൾ തയ്യാറാക്കിക്കഴിഞ്ഞു. രക്തപരിശോധന ആവശ്യമാകുന്ന സാഹചര്യത്തിൽ രക്തസാമ്പിളുകൾ ഡൽഹിയിലെ എൻ.സി.ഡി.സി.-യിലേക്ക് അയച്ച് പരിശോധിക്കുന്നതാണ്.

(ബി) ഈഡിസ് കൊതുകിന്റെ സാന്ദ്രത കണ്ടെത്തി കൊതുകനശീകരണം നടത്തുന്നതിന് നടപടി എടുക്കുവാൻ എല്ലാ ജില്ലകളിലുമുള്ള ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ജില്ലാ മലേറിയ ആഫീസർമാർക്കും നിർദ്ദേശം നൽകി. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ വഴി വിമാനത്താവളം, തുറമുഖം എന്നിവ കേന്ദ്രീകരിച്ച് ദിവസേന കൊതുകനശീകരണവും നടത്തിവരുന്നുണ്ട്. ഉറവിട നശീകരണം, ഫോഗിംഗ്, ബോധവത്ക്കരണം തുടങ്ങിയവ നടത്തിവരുന്നു. ഓരോ ആരോഗ്യകേന്ദ്രത്തിലും പ്രതിവാര കൊതുക് നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങളും നടക്കുന്നു.

(സി) ലഭിച്ചിട്ടുണ്ട്. സിക രോഗത്തിന്റെ ലക്ഷണങ്ങൾ താരതമ്യേന തീവ്രത കുറഞ്ഞതായതിനാൽ മറ്റ് വൈറൽ പനികൾക്കെന്നപോലെ പാരസെറ്റമോളും മറ്റ് അനുബന്ധ മരുന്നുകളും മാത്രമാണ് ആവശ്യമായി വരുന്നത്. ഡെങ്കിപ്പനി പോലെ രോഗം മൂർച്ഛിച്ച് മരണമുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. അതിനാൽ ഇത് ചികിത്സിക്കാനുള്ള സംവിധാനം എല്ലാ ആശുപത്രികളിലും ലഭ്യമാണ്. സിക രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാർക്ക് കിടത്തി

LIBRARY ARCHIVES Kerala Legislative Assembly

ചികിത്സ ആവശ്യമാകുന്ന സാഹചര്യത്തിൽ ഇവരെ ചികിത്സിക്കാൻ മെഡിക്കൽ കോളേജുകളും ജനറൽ ആശുപത്രികളും സജ്ജമാക്കിയിട്ടുണ്ട് (തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, നെടുമ്പാശ്ശേരി വിമാനത്താവളം, ആലുവ ജില്ലാ ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ്). ജനങ്ങൾക്ക് സിക രോഗത്തെപ്പറ്റിയുള്ള ബോധവത്ക്കരണത്തിനായി പത്രക്കുറിപ്പുകൾ, ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റുകളിൽ മാർഗ്ഗരേഖ, റേഡിയോ-ടി.വി.-പത്രപ്പരസ്യങ്ങൾ, ലേഖനങ്ങൾ എന്നിവ തയ്യാറാക്കി വരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിലെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് എല്ലാ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ഊർജ്ജിത ഈഡിസ് കൊതുക് നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സിക വൈറസിനെതിരെ മുൻകരുതൽ

18 (2292) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക വൈറസ് ബാധിതരുടെ എണ്ണം വർദ്ധിക്കുന്നതിനാൽ ജാഗ്രത പാലിക്കണമെന്ന ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു മുൻകരുതൽ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സിക രോഗത്തിന്റെ ലക്ഷണങ്ങൾ താരതമ്യേന തീവ്രത കുറഞ്ഞതായതിനാൽ മറ്റ് വൈറൽ പനികൾക്കെന്നപോലെ ' പാരസെറ്റമോളും മറ്റ് അനുബന്ധ മരുന്നുകളും മാത്രമാണ് ആവശ്യമായി വരുന്നത്. ഡെങ്കിപ്പനി പോലെ രോഗം മൂർച്ഛിച്ച് മരണമുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. അതിനാൽ ഇത് ചികിത്സിക്കാനുള്ള സംവിധാനം എല്ലാ ആശുപത്രികളിലും ലഭ്യമാണ്. സിക രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാർക്ക് കിടത്തി ചികിത്സ ആവശ്യമാകുന്ന സാഹചര്യത്തിൽ ഇവരെ ചികിത്സിക്കാൻ മെഡിക്കൽ കോളേജുകളും ജനറൽ ആശുപത്രികളും സജ്ജമാക്കിയിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly